# തൊടാൻ കൊതിക്കും സുഗന്ധം

ഡോ. കെ.ജി. പൗലോസ്

പ്രണയാർദ്രമായ ഒരു നീണ്ട കവിതയാണ് ഈ ലഘുനോവൽ. ചെറിയ കാൻവാസിൽ എഴുതിയത്; ഉത്തരേന്ത്യയിലെ ലഖ്നൗ, മുറാദാബാദ്, അലഹബാദ് തുടങ്ങിയ നഗരങ്ങളാണ് കഥയുടെ പരിസരം; മൂലം ഹിന്ദി. മലയാളപരിഭാഷ ആണ് മുൻപിലുള്ളത്.

സൂക്ഷ്മമായി പറഞ്ഞാൽ രണ്ടു കുടുംബങ്ങളുടെ കഥയാണിത്. പാണ്ഡേയ്ബാബു. റയിൽവേയിലായിരുന്നു ജോലി. പത്നി സാധാരണ വീട്ടമ്മ. അവരുടെ പുത്രൻ രാജു. റെയിൽവേയിൽ ജോലി ആയിരുന്ന കാലത്ത് അവരുടെ അയൽവക്കമായിരുന്നു ദാസ്ബാബുവിന്റെ കുടുംബം. അദ്ദേഹത്തിന്റെ പത്നി ദാസ് ആന്റി, മകൾ സുചിത്ര. വളരെ സ്നേഹത്തിലാണ് ഇരുകുടുംബങ്ങളും കഴിഞ്ഞിരുന്നത്. വർഷം പതിനെട്ട് കഴിഞ്ഞിരിക്കുന്നു, കഥ ആരംഭിക്കുമ്പോൾ. ഇതിനിടെ ഇരുവരും സർവ്വീസിൽ നിന്ന് വിരമിച്ചു. ദാസ്ബാബു മരിച്ചു. ആന്റിയും മകളും മാത്രമേയുള്ളൂ ആ കുടുംബത്തിൽ. രാജു പഠിച്ച് മിടുക്കനായി ഡോക്ടറായിരിക്കുന്നു. ആദ്യത്തെ നിയമനം കിട്ടിയത് അലഹബാദിലാണ്. പഴയ സൗഹൃദം വെച്ച് ആ നഗരത്തിൽ ചെല്ലുമ്പോൾ സുഹൃത്തിന്റെ വീട്ടിൽ താമസിക്കാൻ പാണ്ഡേയ്ബാബു ഏർപ്പാടാക്കുന്നു. ചങ്ങാത്തമുറപ്പിക്കാൻ അമ്മ തയ്യാറാക്കിയ അച്ചാറുകളും എരുമനെയ്യും പാൽമിഠായികളുമാണ് രാജുവിന്റെ ബാഗിൽ. സുചിത്രയ്ക്ക് പ്രത്യേകമായിട്ടുള്ളതാണ് നെല്ലിക്ക അച്ചാർ. 18 വർഷങ്ങൾക്കുശേഷം പഴയലോകത്തേയ്ക്ക് രാജു എത്തുന്നതോടെയാണ് മൂകവേദനയിൽ മൗനശബ്ദങ്ങൾ കേട്ടുതുടങ്ങുന്നത്.

കളിക്കൂട്ടുകാരായിരുന്നു രാജുവും സുചിത്രയും. ഏറെക്കാലങ്ങൾക്ക് ശേഷം അവർ വീണ്ടും കണ്ടുമുട്ടുകയാണ്. ഇനി കഥ ഇവരിലേയ്ക്ക് ചുരുങ്ങുന്നു. എങ്ങനെയാണ് ഇരുവരും പ്രതികരിക്കുന്നത്? ഇരുകുടുംബങ്ങളും നല്ല സൗഹൃദത്തിലായിരുന്നെങ്കിലും സാമൂഹ്യനില ഒരുപോലെ ആയിരുന്നില്ല. പാണ്ഡേയ്ബാബു ബ്രാഹ്മണനാണ്, സാമ്പത്തികമായി ഉയർന്നവൻ. ദാസ്ബാബു ബംഗാളിയാണ്; ബ്രാഹ്മണനല്ല; ആ കുടുംബത്തിന്റെ സാമ്പത്തികനില അദ്ദേഹത്തിന്റെ മരണശേഷം നന്നേ പരുങ്ങലിലും. ഇതുണ്ടാക്കുന്ന വൈരുദ്ധ്യങ്ങളാണ് കഥാഗതിയെ നിയന്ത്രിക്കുന്ന മുഖ്യഘടകം.

ദാസ് ആന്റി കൂട്ടുകാരന്റെ പുത്രനെ ഏറെ ആവേശത്തോടെയാണ് സ്വീകരിച്ചത്. അവരുടെ ആഹ്ളാദത്തിനതിരില്ല. മറിച്ച്, തണുത്ത പ്രതികരണമായിരുന്നു സുചിത്രയുടേത്. ഇന്നേയ്ക്ക് അവൾ ട്രെയിനിംഗ് കഴിഞ്ഞ് അദ്ധ്യാപികയായിരിക്കുന്നു. അവളുടെ പ്രതികരണം രാജുവിനെ നിരാശനാക്കി, തനിക്കവളോടുള്ള വികാരമെന്തെന്ന് രാജുവിന് വിശകലനം ചെയ്യാൻ ആയതുമില്ല.

കവിത തുളുമ്പുന്ന പദാവലികളും ബിംബങ്ങളുമാണ് ഇരുവരുടെയും ഭാവങ്ങളെ വിടർത്താൻ നോവലിൽ ഉള്ളത്. യാന്ത്രികമായി മാത്രം പ്രതികരിച്ച സുചിത്രയ്ക്ക് മനസ്സിലായി, ഈ പുനസ്സമാഗമം ആണ്ടുകിടന്ന വിത്തുകളെ മനസ്സിൽ മുളപ്പിച്ചിരിക്കുന്നുവെന്ന്. വേദനയോടെ അവൾ തിരിച്ചറിയുന്നു – 'സ്ത്രീയുടെ ഹൃദയം ഭൂമിയെപ്പോലെയാണ്. എല്ലാത്തരം ബീജവും അവളുടെ നെഞ്ചിനുള്ളിൽ മറഞ്ഞിരിക്കുന്നു. ഓരോ ബീജവും അതാതിന്റെ കാലത്ത് മുളയ്ക്കുകയും പൂക്കുകയും കായ്ക്കുകയും ചെയ്യുന്നു.' രാജുവിനെ കണ്ടപ്പോഴെ അവൾക്ക് തോന്നി, രാജു ഇത്രയും ദിവസം തന്റെ ഹൃദയത്തിൽ എവിടെയോ ഒളിച്ചിരിക്കുകയായിരുന്നു. എന്നിൽ നിന്നൊരിക്കലും വിട്ടുപോയിരുന്നില്ല; പോവുകയുമില്ല. ഈ തിരിച്ചറിവ് അവളെ ഭയപ്പെടുത്തി. അവൾ തന്നോടുതന്നെ പൊരുതുകയാണ്. പൊരുതിക്ഷീണിച്ച് ഓരോ ദിവസവും തളരുകയാണ്, മുങ്ങിത്താഴുകയാണ്. അതാണ് അവളിലെ മരവിപ്പിന് കാരണം.

രാജുവും പൊരുതുകയായിരുന്നു; തന്റെ അച്ഛനോട്, അച്ഛൻ പ്രതിനിധാനം ചെയ്യുന്ന സാമൂഹ്യസാഹചര്യങ്ങളോട്. സൗഹൃദം എത്ര കനത്തതാണെങ്കിലും ദാസ്ബാബുവിന്റെ കുടുംബവുമായൊരു വിവാഹബന്ധം പാണ്ഡേയ്ക്ക് ചിന്തിക്കാനേ കഴിയുമായിരുന്നില്ല. ഒന്നാമത്, തന്റെ ഉയർന്ന ജാതി, രണ്ടാമത് സാമ്പത്തികനില, മൂന്നാമത് സഹജമായ ദുര. മകനെ ഡോക്ടറാക്കാൻ പഠിപ്പിച്ചതിന് ചിലവിട്ട തുകയും അതിനപ്പുറവും വിവാഹത്തിലൂടെ തിരിച്ചെടുക്കണം. ഉന്നതകുടുംബങ്ങളുമായി ബന്ധം സ്ഥാപിച്ച് സമൂഹത്തിൽ തന്റെ നില ഉയർത്തണം. അതിനുള്ള ഉപകരണമാണ് രാജു. രാജുവിന് പൊരുതേണ്ടിയിരുന്നത് സമൂഹത്തിൽ നിലനിൽക്കുന്ന ഇത്തരം ചിന്തകളോടായിരുന്നു.

ഇവർക്കിടയിൽപെട്ട് ഞെരുങ്ങിയത് രണ്ട് അമ്മമാരാണ്. വിധവയായ ദാസ് ആന്റി നിസ്സഹായയാണ്, നിരാലംബയും. ഒന്നും അവൾക്ക് കഴിയില്ല. പഴയകുടുംബബന്ധങ്ങൾ വീണ്ടും വിളക്കിച്ചേർക്കുമ്പോൾ തനിക്കതൊരു താങ്ങാകുമെന്നാശിക്കാനേ ആ പാവത്തിനാകൂ. എന്നാൽ ഇത്തരം പരിമിതികൾ രാജുവിന്റെ അമ്മയ്ക്കില്ല. എങ്കിലും അവളും നിസ്സഹായയാണ്. മകനോടൊപ്പം മുന്നേറണമെന്നവൾക്കുണ്ട്. പക്ഷേ, കശാപ്പുകാരന്റെ കുറ്റിയിൽ കെട്ടിയ പശുവാണവൾ. നിലവിളിച്ച് ബഹളമുണ്ടാക്കാം; പക്ഷേ കയറ് പൊട്ടിക്കാൻ സാദ്ധ്യമല്ല. നിഷ്കളങ്കരായ ഈ രണ്ട് അമ്മമാർക്കിടയിൽ പൊരുതുന്ന രണ്ടു മക്കൾ – സുചിത്ര പൊരുതുന്നത് തന്നോടുതന്നെ; രാജു തന്നെ വരിഞ്ഞുമുറുക്കിയ ആചാരങ്ങളോട്, സമൂഹത്തോട്. സ്ത്രീ തന്നോടുതന്നെയും പുരുഷൻ ചുറ്റുപാടുകളോടും പൊരുതുന്ന സവിശേഷമായ ദ്വന്ദ്വയുദ്ധത്തിന്റെ അന്തസ്സംഘർഷമാണ് ഈ നോവലിനെ ഹൃദ്യമാക്കുന്നത്; അതാണിതിന്റെ ഇന്നത്തെ പ്രസക്തിയും. കശാപ്പുകാരൻ കെട്ടിയ കുറ്റിയിൽ ചുറ്റും കറങ്ങിയിരുന്ന ഇരകൾ ഒന്നൊന്നായി കയറുപൊട്ടിച്ച് സ്വയം രക്ഷപ്പെടുന്നു.

സ്ത്രീയും പുരുഷനും സ്വതേതന്നെ ഇണകളാണ്. മനുഷ്യൻ ഉണ്ടായ കാലംമുതൽ അതങ്ങനെയാണ്. വംശവർദ്ധനവിനും ലോകം നിലനിൽക്കുന്നതിനും അതാവശ്യമാണ്. മൃഗങ്ങളെപ്പോലെ തോന്നിയപാട് കഴിയാതിരിക്കാനാണ് വിവാഹമെന്ന സ്ഥാപനത്തിന് പരിഷ്കൃത സമൂഹം രൂപം കൊടുത്തത്. എന്നാൽ, പാവനമായ ആ ബന്ധത്തെ മലീമസമാക്കുകയാണ് സമൂഹം ചെയ്തത്. മതജാതിശക്തികളാണ് ആദ്യത്തെ കുരുക്ക് തീർത്തത്. തങ്ങൾ ബ്രാഹ്മണരെന്ന നിലയിൽ ശ്രേഷ്ഠരാണെന്നതാണ് രാജുവിന്റെ അച്ഛന്റെ ആദ്യത്തെ അവകാശവാദം. രസകരമായ വസ്തുത, ധനമുണ്ടെങ്കിൽ ജാതി മറക്കാനുമദ്ദേഹത്തിന് മടിയില്ല എന്നതാണ്. വിവാഹംകൊണ്ട് പുരുഷൻ നേടേണ്ടത് ധനസമൃദ്ധിയും ഉന്നതതലത്തിലുള്ള ബന്ധങ്ങളുമാണ്. ഈ ദുര മൂത്ത് സ്ത്രീകളെ അവർ അടിമകളാക്കുന്നു, പുരുഷന്മാരെ മരപ്പാവകളാക്കുന്നു - അമ്മമാരുടെ നിസ്സഹായത, സുചിത്രയുടെ മരവിപ്പ്, രാജുവിന്റെ ഭീരുത്വം, ഈ ത്രികോണമാണ് ക്രിംയാശത്തിലെ സംഘർഷത്തിന് കാരണം. മനസ്സിന്റെ കച്ചവടമല്ല വിവാഹം എന്ന് സുചിത്ര തിരിച്ചറിയുന്നു. ശരീരങ്ങളുടെ കച്ചവടവുമല്ല അത്. രാജുവിലുമുണ്ടായി തിരിച്ചറിവ് - ‘ഞാനെത്ര ഭീരുവാണ്? അനാവശ്യവും തെറ്റുമെന്ന് ഞാൻ കരുതിപ്പോന്ന സാമൂഹ്യദുരാചാരത്തിന്റെ മുൻപിൽ പിതൃഭക്തിയുടേയും ആചാരത്തിന്റേയും പേരിൽ തലകുനിച്ചുകളഞ്ഞു? എന്തെങ്കിലും വിധത്തിലുള്ള അനീതിക്കും അനാചാരത്തിനും തലകുനിക്കുകയോ കഴിവുണ്ടായിട്ടും അതിനെ എതിർക്കാതിരിക്കുകയോ ചെയ്യുന്നതിലും വലിയ ഭീരുത്വവും വിഡ്ഢിത്തവും എന്താണ്? ഇതുവരെ ഞാൻ എന്തുകൊണ്ട് മിണ്ടാതിരുന്നു? എവിടെപ്പോയി എന്റെ ആദർശം? എന്തുപറ്റി എന്റെ പൗരുഷത്തിന്?’

രാജുവിന്റെ രോഷം മാത്രമല്ല ഇവിടെ ഉണർന്നെഴുന്നേൽക്കുന്നത്. അനീതിക്കെതിരെ, അനാചാരത്തിനെതിരെ ഉയരുന്ന യുവചേതനയുടെ രോഷത്തിന്റെ പ്രതീകമാണ് രാജു; പത്തിമടക്കുന്ന യാഥാസ്ഥിതികത്വത്തിന്റെ പ്രതിനിധിയാണ് സന്ന്യാസിക്കാൻ പോകുന്ന അച്ഛൻ. ഇതൊക്കെക്കൊണ്ടാണ് ഈ സുന്ദരകൃതി നമ്മുടെ നവോത്ഥാന സാഹിത്യത്തിന് ഒന്നാന്തരമൊരു മുതൽക്കൂട്ടാകുന്നത്.

യുവചേതനയുടെ പൗരുഷമുണർത്തുന്നതിൽ സ്ത്രീക്ക് മുഖ്യമായ പങ്കുണ്ട്. അതാണ് സുചിത്രയുടെ പ്രാധാന്യം. പൊട്ടിത്തെറിച്ചല്ല, ഒതുക്കത്തോടെയാണ് അവൾ തന്റെ പങ്ക് നിർവ്വഹിക്കുന്നത്. കവിതനിറഞ്ഞ ബിംബങ്ങളിലൂടെ സുചിത്രയെ അവതരിപ്പിക്കുന്നത് അതുകൊണ്ടാണ്. മഞ്ഞുകട്ടപോലെ കഠോരയാണവൾ, അല്പം ചൂടേറ്റാൽ അലിയുന്നവളും. പുതിയ ലോകത്തിലേയ്ക്ക് നടക്കാൻ രാജുവിനെ ചാട്ടുളിപോലുള്ള അവളുടെ വാക്കുകൾ കുറഞ്ഞൊന്നുമല്ല സഹായിച്ചിട്ടുള്ളത് - ‘തന്റെ ഭൂതകാലത്തെ വലിച്ചെറിയാൽ ആർക്കെങ്കിലും സാധിച്ചിട്ടുണ്ടോ? ഭൂതകാലം അസ്തിത്വവുമായി ബന്ധപ്പെട്ടിരിക്കുന്നു. അതവസാനിക്കുന്നതും അസ്തിത്വത്തിന്റെ കൂടെത്തന്നെ.’ ഭൂതവും വർത്തമാനവും തമ്മിലുള്ള സംഘർഷം ഈ നോവലിലെ മറ്റൊരു തലമാണ്. വിച്ഛേദമല്ല നൈരന്തര്യമാണ് സുചിത്ര കാലങ്ങൾക്കിടയിൽ തിരയുന്നത്.

സുചിത്രയുടെ മനസ്സുനിറയെ മഴവില്ലുകളാണ്. ദുഃഖംപോലും വളപ്പൊട്ടുകളായിട്ടാണ് അവിടെ പ്രതിഫലിക്കുക. 'നിങ്ങൾ എപ്പൊഴെങ്കിലും പൂനിലാവ് പാടുന്നത് കേട്ടിട്ടുണ്ടോ? ചന്ദ്രികയുടെ പാട്ട് ഈ പാരിജാതപ്പൂക്കൾക്ക് കേൾക്കാം. അതുകൊണ്ട് അവ പൊഴിയുന്നു. പൊഴിഞ്ഞ് സ്വയം നശിക്കുന്നു.'

ആദ്യമൊന്നും അവൾ പറയുന്നതിന്റെ അർത്ഥം, ജീവിതം തടിച്ച മെഡിക്കൽ ഗ്രന്ഥങ്ങളിൽ കുരുക്കിയിട്ട ആ ഡോക്ടർക്ക് മനസ്സിലായില്ല. ഒഴുക്കിനുമുൻപിൽ അനങ്ങാതെ നിൽക്കുന്ന മരക്കുറ്റിപോലെ മരവിച്ചുനിന്നു, അയാൾ.

വായിച്ചുതീർന്നു നോവൽ അടച്ചുവെച്ചാലും നമ്മുടെ മനസ്സിൽ പൂനിലാവിലെ പാട്ടിലെ ഈരടികൾ ഈണമിട്ടുകൊണ്ടിരിക്കും.

ചെമ്പകപ്പൂവിലൂറും സുഗന്ധമാണ് നിങ്ങൾ
എന്റെ ഓരോ അണുവിലും നിറഞ്ഞുനിൽക്കും
ഹേ സുഗന്ധമേ! തൊടൻ കൊതിക്കയാണ് ഞാൻ
വിടർന്ന വിരലുകൾകൊണ്ട്... തൊടാൻ.... തൊടാൻ....

സുഗന്ധത്തെ വിടർന്ന വിരൽകൊണ്ട് തൊടുക! ഭ്രാന്തവും ഹൃദ്യവുമായ ഭാവന!

തുടക്കത്തിൽ, കവിതയെന്ന് ഈ നീണ്ടകഥയെ വിശേഷിപ്പിച്ചതിന്റെ കാരണമിതാണ്. ആരും തൊടാൻ കൊതിക്കും സുഗന്ധമാണ് ഈ മധുരപ്രണയത്തിന്റെ കഥ.

***　　　***　　　***

പ്രശസ്ത നോവലിസ്റ്റ് ജവാഹർസിങ് ഹിന്ദിയിലെഴുതിയതാണ് മൂലകഥ. ശ്രീ കെ. ജെ. ജോണും ശ്രീ ടി.കെ. ചന്ദ്രനും ചേർന്നാണ് ഇത് മലയാളത്തിലേയ്ക്ക് മൊഴിമാറ്റം ചെയ്തത്. കാമ്യവും കാവ്യാത്മകവുമാണ് പരിഭാഷ. ശ്രീ ചന്ദ്രൻ പ്രസിദ്ധീകരിച്ചിരുന്ന ചേതനയിൽ ഈ നോവൽ ഖണ്ഡശ്ശ പ്രസിദ്ധീകരിച്ചിരുന്നത് വായിച്ചതോർക്കുന്നു. വർഷങ്ങൾക്കുശേഷം വീണ്ടും വായിക്കുമ്പോൾ ഒട്ടേറെ പുതിയ അർത്ഥതലങ്ങൾ മനസ്സിലേയ്ക്ക് തള്ളിവരുന്നു.

ജീവിതത്തിന്റെ പുതിയ നടപ്പാതയിലൂടെ കെട്ടിപ്പുണർന്നോടാൻ കാലുകൾ തരിച്ചുനിൽക്കുന്ന സുചിയുടെയും രാജുവിന്റെയും കഥ ഏറെ ആത്മഹർഷത്തോടെ വിനയപൂർവ്വം വായനക്കാരുടെ മുൻപിൽ അവതരിപ്പിക്കുന്നു. അവരെ അനുഗ്രഹിക്കുക, ആ കാലുകൾക്ക് കരുത്ത് പകർന്നുനൽകുക. അതേ, നമുക്കുചെയ്യാനാകൂ.

●

---

കെ.ജി. പൗലോസ്, മനുസ്മൃതി, താമരക്കുളങ്ങര, തൃപ്പൂണിത്തുറ – 682 301, ഫോൺ: 9846041205,
E-mail: kgpaulose@gmail.com, www.kgpaulose@info.com.